പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.114 27/6/2011 - ൽ മറുപടിയ്ക്ക്

തടവുകാരുടെ മോചനത്തിനുള്ള മാനദണ്ഡം

ചോദ്യം

ശ്രീ. പി.സി.ജോർജ്ജ്
ശ്രീ.തോമസ് ഉണ്ണിയാടൻ
ശ്രീ.റോഷി അഗസ്റ്റിൻ

ഉത്തരം

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ). കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ വിവിധ കേസുകളിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിഞ്ഞിരുന്ന എത്ര തടവുകാരെ വിട്ടയച്ചുവെന്ന് വ്യക്തമാക്കുമോ; | (എ). 580 പേർ |
| (ബി). ഇപ്രകാരം ജയിൽ മോചിതരായ തടവുകാരിൽ കൊലക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ടവർ എത്ര പേരുണ്ടായിരുന്നു; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) 579 പേർ ജില്ല ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ച് നൽകുന്നതാണ് . |
| (സി). പ്രസ്തുത തടവുകാരെ ജയിലിൽ നിന്ന് മോചിപ്പിച്ചതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കുമോ; | (സി). ക്രിമിനൽ നിയമസംഹിത സെക്ഷൻ 432 പ്രകാരംജയിൽ ഉപദേശക സമിതി ശുപാർശ അനുസരിച്ച് മോചിപ്പിക്കുന്നവരെ കേരള ജയിൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക്. വിധേയമായും മാരകമായ രോഗം ബധിച്ച തടവുകാരെ ജയിൽ നിയമത്തിലെ 538,539 വകുപ്പുകൾ പ്രകാരവും ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 161 പ്രകാരം പരിഗണിക്കുന്നവരെ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ചുമാണ് മോചിപ്പിച്ചത്.<br>(1) തടവുകാർ ജയിലിൽ നല്ല സ്വഭാവക്കാരായിരിക്കണം |

| | |
|---|---|
| | (2) താഴെപ്പറയുന്ന വിഭാഗത്തിൽപ്പെടുന്ന തടവുകാരെ മോചനത്തിന് പരിഗണിക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു.<br>(എ) വാടകക്കൊലയാളികളും കൊലപാതകം തൊഴിലാക്കിയവരും<br>(ബി) മതം,ജാതി,വിഭാഗീയത എന്നിവയുടെ അടിസ്ഥാനത്തിൽ കൊലചെയ്തവരും രാജ്യസുരക്ഷയ്ക്കെതിരെ കുറ്റം ചെയ്തവരും<br>(സി)കള്ളക്കടത്തിനോടനുബന്ധിച്ച് കൊല ചെയ്തവർ, ജയിൽ ഉദ്യോഗസ്ഥർ, തടവുകാർ എന്നിവരെ കൊല ചെയ്തവർ<br>(ഡി) സ്ത്രീകളേയും കുട്ടികളേയും ലൈംഗികമായി പീഡിപ്പിച്ചും കരുതിക്കൂട്ടിയും കൊലചെയ്തവർ<br>(ഇ) മയക്കുമരുന്നു നിരോധന നിയമപ്രകാരം ശിക്ഷിക്കപ്പെട്ടവർ<br>(3) പൊതു ജനതാല്പര്യത്തിനും ഏതെങ്കിലും പ്രത്യേക സാഹചര്യത്തിലും ജയിലിൽ തുടർന്നും കഴിയേണ്ട പ്രതികളൊഴികെ 20 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയ എല്ലാ തടവുകാരേയും മോചനത്തിനായി പരിഗണിക്കാവുന്നതാണ്.<br>(4) കേരളത്തിനു വെളിയിലുള്ള കോടതികൾ ശിക്ഷിച്ചവർ<br>കൂടാതെ പോലീസ്/പ്രൊബേഷൻ റിപ്പോർട്ടുകൾ അനുകൂലമായിരുന്ന തടവുകാരെ മാത്രമേ ജയിൽ ഉപദേശകസമിതിയുടെ ശുപാർശപ്രകാരവും ആർട്ടിക്കിൾ 161 പ്രകാരവും മോചിപ്പിച്ചിട്ടുള്ളൂ. ആർട്ടിക്കിൾ 161 പ്രകാരം ആദ്യത്തെതവണ മോചിപ്പിച്ചവർ 14 വർഷം യഥാർത്ഥ ശിക്ഷയനുഭവിച്ചവരും രണ്ടാമതായി മോചിപ്പിച്ചവർ 10 വർഷം യഥാർത്ഥ ശിക്ഷയനുഭവിച്ചവരും മൂന്നാമതായി മോചിപ്പിച്ചവർ ഇളവുകൾ ഉൾപ്പെടെ 10 വർഷം ശിക്ഷയനുഭവിച്ചവരുമാണ്. |

സെക്ഷൻ ഓഫീസർ